"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - "ബട്ടർഫ്ലൈ ഗേൾ 85" എന്ന ചലച്ചിത്രത്തിന്റെ വിനോദ നികുതി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(സാധാ) നം.598/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. ശ്രീമതി ധന്യാ നാഥിന്റെ 10.06.2025 ലെ അപേക്ഷ
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.11.2025 ലെ LSGD/PD/33926/2025-REV4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബട്ടർഫ്ലൈ ഗേൾ 85 എന്ന ചിത്രം സോഷ്യൽ മീഡിയയുടെ ദോഷഫലങ്ങളെയും സ്വാധീനങ്ങളെയും, ബാല്യകാല പീഡന പ്രത്യാഘാതങ്ങളെ അതിജീവിക്കുന്നതിനെക്കുറിച്ച് പ്രേക്ഷകരെ ബോധവൽക്കരിക്കാൻ ശ്രമിക്കുന്ന സാമൂഹിക പ്രതിബദ്ധത നിറഞ്ഞ സിനിമയായതിനാൽ പ്രസ്തുത ചിത്രത്തിന് വിനോദ നികുതി ഇളവ് നൽകണമെന്നു ചലച്ചിത്രത്തിന്റെ നിർമ്മാതാവായ ശ്രീമതി ധന്യാ നാഥ് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സാമൂഹിക പ്രസക്തിയുള്ളതും, സമൂഹത്തിന് മികച്ചൊരു സന്ദേശം നൽകുന്ന കലാസൃഷ്ടിയാണെന്നത് പരിഗണിച്ച് 'ബട്ടർഫ്ലൈ ഗേൾ 85' എന്ന സിനിമയുടെ വിനോദ നികുതിയിൽ ഇളവ് നൽകാവുന്നത് പരിഗണിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സൂചന 2 പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ത്രീകളും, കുട്ടികളും സമൂഹത്തിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ, സോഷ്യൽ മീഡിയയുടെ ദോഷഫലങ്ങളും, സ്വാധീനങ്ങളും എന്നീ സാമൂഹിക പ്രതിബദ്ധതയുള്ള വിഷയങ്ങളാണ് ഈ ചലച്ചിത്രത്തിന്റെ പ്രമേയം എന്നത് പരിഗണിച്ചുകൊണ്ട് ശ്രീമതി ധന്യാ നാഥ് നിർമിച്ച "ബട്ടർഫ്ലൈ ഗേൾ 85" എന്ന ചലച്ചിത്രത്തിന്റെ വിനോദ നികുതി ഒഴിവാക്കി ഉത്തരവാകുന്നു. പൊതുജനങ്ങൾക്ക് നൽകുന്ന ടിക്കറ്റ് ചാർജ്ജിൽ നിന്നും വിനോദ നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
3. ശ്രീമതി ധന്യാ നാഥ്, 4D Productions, PCRA7, PC Road, കലൂർ, എറണാകുളം, 682017
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/385/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed byസെക്ഷൻ ഓഫീസർ

Pradeesh M.

Date: 05-03-2026 17:03:48